# പതിനാലാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:3127** **18.06.2019 -ൽ മറുപടിയ്ക്ക്**

## 'ഗൃഹശ്രീ'പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ആരംഭിച്ച 'ഗൃഹശ്രീ' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം ((EWS) താഴ്ന്ന വരുമാന വിഭാഗം (LIG) എന്നിവയിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടും കൂടി വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപ നൽകുന്ന ഗൃഹശ്രീ പദ്ധതി 2013-14 വർഷം മുതൽ ബോർഡ് നടപ്പിലാക്കിവരുന്നു. ഇതിനായി സന്നദ്ധ സംഘടനകൾ 1 ലക്ഷം രൂപയും ഗുണഭോക്താവ് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപ നിർമ്മാണഘട്ട പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം 4 ഗഡുക്കളായി വിതരണം ചെയ്യുന്നു.<br>ഒന്നാംഘട്ടം<br>(ബിൽഡിംഗ് പെർമിറ്റ് ലഭിച്ചാലുടൻ) - 50,000/- രൂപ<br>രണ്ടാം ഘട്ടം<br>(ഫൗണ്ടേഷനും ബേസ്മെന്റും പൂർത്തിയാകുമ്പോൾ) - 1,00,000/-<br>മൂന്നാം ഘട്ടം (കൂരമട്ടമെത്തുമ്പോൾ) - 1,00,000/-<br>നാലാംഘട്ടം (കൂര വാർത്ത് ഫിനിഷിംഗ് ജോലികൾ തുടങ്ങുകയും, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിന്റെ തീപിടിത്തത്തിനും, പ്രകൃതി ക്ഷോഭത്തിനും, എതിരെ പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ) - 1,50,000/-<br>**ആകെ - 4,00,000/- രൂപ** |
| (ബി) അപേക്ഷകരായ ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഗുണഭോക്താക്കൾക്ക് സ്വന്തമായുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞത് 2 സെന്റ്/3 സെന്റ് ആയി നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൂടുതൽ ഭൂമി ഉള്ളവർക്കും വരുമാന പരിധി (EWS-1 ലക്ഷം, LIG - 2 ലക്ഷം) അനുസരിച്ച് അർഹത നിശ്ചയിക്കുന്നതാണ്. |
| (സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിലൂടെ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) ഗൃഹശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ആകെ 146 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാനായി അപേക്ഷകൾ സമർപ്പിക്കേണ്ട വിധം വിശദമാക്കാമോ? | (ഡി) ഗൃഹശ്രീ ഭവന പദ്ധതി ആനുകൂല്യത്തിനായി സ്പോൺസർ ചെയ്യുന്ന വ്യക്തി/സംഘടനയാണ് ബോർഡിൽ ആദ്യം അപേക്ഷ സമർപ്പിക്കേണ്ടത്. സർക്കാരിൽ നിന്നും സബ്സിഡി ഉറപ്പാക്കിക്കൊണ്ട് സ്പോൺസർമാർ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ സ്പോൺസർ വിഹിതമായി ഒരു ലക്ഷം രൂപ വീതം ഓരോ ഗുണഭോക്താക്കൾക്കും വേണ്ടി സ്പോൺസർ ബോർഡിൽ അടച്ചശേഷം പദ്ധതിയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലുംപെട്ട യോഗ്യരായവരെ അർഹതാ മാനദണ്ഡം പരിശോധിച്ച് ഭവന നിർമ്മാണ ബോർഡ് സുതാര്യമായ രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ ബോർഡിന്റെ വെബ്സൈറ്റ് മുഖേന അപേക്ഷകൾ സമർപ്പിക്കുകയും ആയതനുസരിച്ചുള്ള രേഖകൾ ഹാജരാക്കികൊണ്ട് ഗുണഭോക്തൃവിഹിതം അടയ്ക്കുന്ന മുറയ്ക്ക് ഗഡുക്കൾ വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന സബ്സിഡി തുകയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണമായി മാറ്റി വയ്ക്കുന്നതാണ്. എന്നാൽ ഈ വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ആവശ്യമായ എണ്ണം മുൻഗണനാടിസ്ഥാനത്തിൽ മാറ്റി നൽകുന്നതാണ്. കൂടുതൽ അപേക്ഷകർ ഉള്ള പക്ഷം പദ്ധതിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആദ്യം അപേക്ഷ സമർപ്പിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. കൂടുതൽ വീടുകൾക്കായി അപേക്ഷ സമർപ്പിച്ച വ്യക്തി/സംഘടനകൾക്ക് നിശ്ചിത എണ്ണം മാത്രം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ